**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1440 14/06/2013-ൽ മറുപടിയ്ക്ക്

**പച്ചക്കറിയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>'' റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. പി. സി. ജോർജ് | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് പച്ചക്കറിയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ). സംസ്ഥാനത്ത് പച്ചക്കറിയുടെ ഉല്പാദനം വർദ്ധിപ്പിക്കാനായി 2013-14 വർഷത്തിൽ താഴെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു. |

I. പച്ചക്കറി വികസന പദ്ധതി 56.25 കോടി രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്. വിശദ വിവരങ്ങൾ ഇതോടൊപ്പം നൽകുന്നു.

1. പുരയിടങ്ങളിൽ പച്ചക്കറി പ്രോത്സാഹനം ( 500 ലക്ഷം) വീട്ടു വളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാനായി കൃഷി ഭവൻ മുഖേന 5 ലക്ഷം വിത്തു കിറ്റുകളും വിദ്യാർത്ഥികൾ മുഖേന 50 ലക്ഷം വിത്തു കിറ്റുകളും നൽകും.
2. അർബൻ ക്ലസ്റ്റർ പ്രോത്സാഹനം (600 ലക്ഷം)

   ജില്ലകളിൽ 28000 ഗ്രോബാഗ് യൂണിറ്റുകൾ മട്ടുപ്പാവ് കൃഷിയ്ക്കായി നൽകും. 2000/- രൂപ വിലയുള്ള 25 ഗ്രേബാഗുകൾ അടങ്ങുന്ന 1 യൂണിറ്റിന് 1500/- രൂപ ധനസഹായം നൽകും. മുൻ വർഷങ്ങളിൽ വിതരണം ചെയ്ത യൂണിറ്റുകൾക്ക് ആവർത്തന ചെലവായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മട്ടുപ്പാവ് കൃഷിയുടെ ഫീൽഡ് തല പ്രവർത്തനങ്ങൾക്കായി കൃഷിയുദ്യോഗസ്ഥരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കാൻ 130 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
3. വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ട് സ്ഥാപനങ്ങൾ വഴി പച്ചകറി കൃഷി (300 ലക്ഷം) വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി, ജലസേചന യൂണിറ്റുകൾ പ്രോജക്ട് അടിസ്ഥാനത്തിൽ സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി എന്നിവ നടപ്പിലാക്കും.

വിദ്യാലയങ്ങളിൽ കൃഷി ചെയ്യുന്നതിന് 5000/- രൂപയും ജലസേചന യൂണിറ്റുകൾക്ക് 10,000/- രൂപയും ധനസഹായം നൽകും.

4. പരിശീലനവും പ്രചരണവും ( 100 ലക്ഷം) പരിശീലന പരിപാടികൾ, ക്യാമ്പെയിനുകൾ വിളവെടുപ്പുത്സവങ്ങൾ, അവലോകന യോഗങ്ങൾ, പരിശീലന ഉപാധികൾ എന്നിവയ്ക്കായി 100 ലക്ഷം രൂപ നൽകും.
5. ജില്ലാ ക്ലസ്റ്റർ വികസനം (2700 ലക്ഷം)

ക്ലസ്റ്റർ അടിസ്ഥാനത്തിൽ വാണിജ്യ പച്ചക്കറി കൃഷി ചെയ്യുന്നതിനായി 5 ഹെക്ടർ വീതമുളള 2100 ക്ലസ്റ്ററുകൾക്ക് ക്ലസ്റ്ററിന് 112500 ലക്ഷം രൂപ നിരക്കിൽ ധനസഹായം നൽകും. കൂടാതെ 1720 പമ്പ് സെറ്റുകൾ, 10000 രൂപ നിരക്കിലും 1000 സസ്യസംരക്ഷണ ഉപകരണങ്ങൾക്ക് 1500 രൂപ നിരക്കിലും സഹായം നൽകും. ഓരോ ക്ലസ്റ്ററിനും ഹരിത ഫണ്ടായി 2000 രൂപ നൽകും. കൂടാതെ ക്ലസ്റ്ററിന് ആവശ്യം വേണ്ടുന്ന നൂതന കാര്യങ്ങൾക്കായി 42 ലക്ഷം രൂപ നൽകും.

6. സാങ്കേതിക സഹായവും കരാർ നിയമനവും (50 ലക്ഷം)

ജില്ലയിലും പദ്ധതി ആസ്ഥാനത്തും പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി വരുന്ന സാങ്കേതിക സഹായത്തിനും കരാർ നിയമനങ്ങൾക്കുമായി 50 ലക്ഷം രൂപ നൽകും

7. കേരള കാർഷിക സർവ്വകലാശാല (50 ലക്ഷം)

വിഷവിമുക്തമായ, ഭക്ഷ്യയോഗ്യമായ, ജൈ മുറകൾ ഉപയോഗിച്ചുളള പച്ചക്കറി കൃഷിക്ക് സഹായമായി 50 ലക്ഷം രൂപ നൽകും.

8. സീഡ് വെൻഡിംഗ് മെഷീനുകൾ ( 50 ലക്ഷം)

നഗര/നഗര പ്രാന്ത പ്രദേശങ്ങളിലെ കർഷകർക്ക് ആവശ്യാനുസരണം പച്ചക്കറി വിത്ത് ലഭ്യമാക്കുന്നതിന് വിത്ത് വിതരണം യന്ത്രങ്ങൾ സ്ഥാപിക്കാനായി 50 ലക്ഷം രൂപ നൽകും. സംസ്ഥാന വിത്തു വിതരണ അതോറിറ്റിയാണ് ഇതിന്റെ ചുമതല നിർവ്വഹിക്കുന്നത്.

9. അവാർഡ്/ഇൻസെന്റീവ് ( 50 ലക്ഷം)

ജില്ലാതല അവാർഡുകൾ, സംസ്ഥാന-തല അവാർഡുകൾ എന്നിവ നൽകാനും അവാർഡ് ജേതാക്കൾക്ക് ഉത്തേജകം എന്ന നിലയിൽ പഠനയാത്രകൾ സംഘടിപ്പിക്കാനും ഈ ഫണ്ട് ഉപയോഗിക്കും.

10. എ ഗ്രേഡ് ക്ലസ്റ്ററുകൾക്ക് വികസന സഹായം(630 ലക്ഷം)

2012-13 ലെ ക്ലസ്റ്ററുകളെ അവരുടെ പ്രവർത്തന മികവ് അനുസരിച്ച് ഗ്രേഡ് ചെയ്യുകയും തെരഞ്ഞുടുക്കപ്പെട്ട എ ഗ്രേഡ് ക്ലസ്റ്ററികൾക്ക് തൈയ്യുല്പാദന യൂണിറ്റ് മഴമറകൾ, ടില്ലറുകൾ, വീൽ ബാരോകൾ, ശീത ചേമ്പറുകൾ എന്നിവയും റിവോൾവിംഗ് ഫണ്ടും നൽകുന്നു.

11. സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശന യൂണിറ്റുകൾ (100 ലക്ഷം)

സൂക്ഷ്മ മൂലകങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് ധനസഹായം നൽകുന്നു.

12. ഡോക്കുമെന്റേഷൻ ( 40 ലക്ഷം)

വിവിധ തലങ്ങളിൽ ഡോക്കുമെന്റേഷനു വേണ്ടി തുക ഉപയോഗിക്കും.

13. എക്സ്റ്റേണൽ മോണിറ്ററിംഗ് ( 30 ലക്ഷം)

പദ്ധതി സമയാസമയങ്ങളിൽ വിലയിരുത്തുന്നതിനായി ഈ ഫണ്ട് ഉപയോഗിക്കും.

14. ബ്ലോക്കു തല ഓർഗനൈസേഷനുകൾ (200 ലക്ഷം)

ബ്ലോക്കു തലത്തിൽ മാസ്റ്റർ ക്ലസ്റ്ററുകളുടെ കൂട്ടായ്മയ്ക്ക് റിവോൾവിംഗ് ഫണ്ട്, വിപണി സൗകര്യങ്ങൾ ഉൾപ്പെടെയുളള സഹായങ്ങൾ നൽകുന്നു.

15. കിഴങ്ങു വർഗ്ഗങ്ങളുടെ വികസനം (150 ലക്ഷം)

കിഴങ്ങു വിളകളുടെ വികസനത്തിനായി 1500 ഹെക്ടർ സ്ഥലത്ത് കിഴങ്ങു കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 10000 രൂപ നിരക്കിൽ ധനസഹായം നൽകും.

16. നഴ്സറികൾ സ്ഥാപിക്കൽ (75 ലക്ഷം)

തെരഞ്ഞെടുത്ത ബ്ലോക്കുകളിൽ ക്ലസ്റ്ററുകൾ മുഖേന ബ്ലോക്കുതല നഴ്സറികൾ സ്ഥാപിക്കുന്നതിന് സഹായം നൽകുന്നു.

II. വയനാട് പാക്കേജ് പദ്ധതി പ്രകാരം 400 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിനും 150 ഹെക്ടർ സ്ഥലത്ത് ഓപ്പൺ പ്രിസിഷൻ ഫാമിംഗ് ചെയ്യുന്നതിനും 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ നടപ്പിലാക്കുന്ന വെജിറ്റബിൾ ഇനിഷ്യേറ്റീവ്സ് ഇൻ അർബൻ ക്ലസ്റ്റേഴ്സ്
2. പച്ചക്കറികൃഷി പ്രോത്സാഹന പദ്ധതി
3. ഹൈടെക് ഫാമിംഗ് പദ്ധതി

വട്ടവട, കാന്തല്ലൂർ പ്രദേശങ്ങളിൽ നടപ്പിലാക്കുന്ന ശീതകാല പച്ചകറികൃഷി വികസന പദ്ധതി.

വി.എഫ്.പി.സി.കെ മുഖാന്തിരം തരിശ് നിലങ്ങളിലേയ്ക്ക് പച്ചക്കറികൃഷി വ്യാപിപ്പിച്ച് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും നടപടിയെടുത്തിട്ടുണ്ട്. സമതലങ്ങളിൽ ശീതകാല പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 100 ഹെക്ടറിൽ ശീതകാല പച്ചക്കറി വിളകളായ കാബേജ്, കോളിഫ്ളവർ, കാരറ്റ്, ബ്രൊക്കോളി തുടങ്ങിയവ വിജയകരമായി കൃഷി ചെയ്തിട്ടുണ്ട്.

പച്ചക്കറി കൃഷി എളുപ്പമാക്കുന്നതിനായി വിത്തിൽ നിന്നും തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനായി ഒരു നഴ്സറി എറണാകുളത്ത് കാക്കനാട്ടുള്ള കൗൺസിലിന്റെ ആസ്ഥാനത്ത് 'കൃഷി . ബിസിനസ്സ് കേന്ദ്ര' എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

നഗരപ്രദേശങ്ങളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നഗരവാസികളിൽ കൃഷിയോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിനുമായി കൗൺസിൽ 'ഹരിതനഗരി' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

ബി) കാർഷിക രംഗം ആധുനികവൽക്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

ബി) കാർഷിക രംഗം ആധുനികവല്ക്കരിക്കുന്നതിന്റെ ഭാഗമായി ഹൈടെക് കൃഷിക്ക് പ്രാധാന്യം നൽകി സഹായധനം നൽകുന്നു. ഗ്രീൻ ഹൗസുകൾ മഴമറകൾ എന്നിവ ഉപയോഗിച്ചുള്ള കൃഷിക്ക് ആണ് സഹായം നൽകുന്നത്. നഗരങ്ങളിലും പ്രാന്തപ്രദേശങ്ങളിലും കർഷകർക്ക് ആവശ്യാനുസരണം പച്ചക്കറി വിത്ത് ലഭ്യമാക്കുന്നതിന് സീഡ് വെൻഡിംഗ് മെഷീനുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

കൃഷിയിലെ നൂതന സാങ്കേതിക വിദ്യകളായ പോളിഹൗസ് പദ്ധതി, പ്രിസിഷൻ കൃഷി എന്നിവ വി.എഫ്.പി.സി.കെ നടപ്പിലാക്കുന്നു.

സി) ഇത്തരത്തിലുള്ള മാറ്റങ്ങൾ ഏറ്റെടുക്കുന്ന തരത്തിൽ വകുപ്പിനെ സജ്ജീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

സി) ഹൈടെക് കൃഷി പദ്ധതി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ആണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത്. കൃഷി വകുപ്പ് മുഖേനയുള്ള സീഡ് വെൻഡിംഗ് മെഷീനുകൾ നഗരങ്ങളിലും നഗര പ്രാന്ത പ്രദേശങ്ങളിലും സ്ഥാപിക്കാനായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

2012-13 വർഷത്തിൽ കൃഷി വിജ്ഞാന വ്യാപന രംഗത്തെ ഉദ്യോഗസ്ഥർക്കായി കേരള കാർഷിക സർവ്വകലാശാല, സമേതി എന്നീ സ്ഥാപനങ്ങൾ മുഖാന്തിരം ഹൈടെക് കൃഷി സാങ്കേതിക വിദ്യയിൽ വിദഗ്ദ്ധ പരിശീലനം നൽകുവാൻ പദ്ധതി വിഹിതം കൃഷി വകുപ്പിലൂടെ വിനിയോഗിച്ചിട്ടുണ്ട്.

ഗുണനിലവാരമുള്ള പച്ചക്കറികളുടെ ഉല്പാദനം ഉറപ്പാക്കുന്നതിനായി PGS (Participatory Guarantee System) രീതിയിലുള്ള ജൈവപച്ചക്കറി ഉല്പാദനത്തിനുള്ള പദ്ധതികൾ 2013-14 സാമ്പത്തിക വർഷം കൗൺസിൽ ആസൂത്രണം ചെയ്തു വരുന്നു.

സെക്ഷൻ ഓഫീസർ